# പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 3309 25.06.2012- ൽ മറുപടിക്ക്**

**തുറമുഖങ്ങളുടെ നവീകരണവും തീരദേശ ഗതാഗത പാതയും**

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. മുല്ലക്കര രത്നാകരൻ:<br>ശ്രീ. വി.ശശി :<br>ശ്രീ. പി. തിലോത്തമൻ :<br>ശ്രീ. ജി.എസ്. ജയലാൽ : | | | ശ്രീ. കെ.ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പു മന്ത്രി) |
| (എ) | സംസ്ഥാനത്ത് ആകെ എത്ര തുറമുഖങ്ങളുണ്ട്; ഇതിൽ പൂർണ്ണതോതിൽ പ്രവർത്തിക്കുന്നവ എത്ര എന്ന് വ്യക്തമാക്കുമോ; | (എ) | സംസ്ഥാനത്ത് തുറമുഖ വകുപ്പിന്റെ കീഴിൽ 17 നോൺ-മേജർ തുറമുഖങ്ങളുണ്ട്. ഇതിൽ നിലവിൽ പൂർണ്ണതോതിൽ പ്രവർത്തിക്കുന്ന നാല് തുറമുഖങ്ങളാണ് ഉള്ളത്. |
| (ബി) | അടിയന്തിരമായി നവീകരിക്കേണ്ട എത്ര തുറമുഖങ്ങളുണ്ട്; അവ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ; | (ബി) | ആറ് തുറമുഖങ്ങൾ നവീകരിക്കേണ്ടതുണ്ട്.<br><br>ആലപ്പുഴ, കൊല്ലം, കൊടുങ്ങല്ലൂർ, പൊന്നാനി, ബേപ്പൂർ, അഴീക്കൽ തുറമുഖങ്ങളാണ് നൂതന ചരക്ക്/യാത്രാ ഗതാഗത പ്രവർത്തന രീതിക്കനുസരിച്ച് ആധുനികവത്കരിക്കേണ്ടത്. |
| (സി) | തീരദേശ ഗതാഗത പാതയൊരുക്കുന്നതിന് നടപടികൾ ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ ഇതിന്റെ നടപടികൾ എത്ര കാലം കൊണ്ട് പൂർത്തിയാകുമെന്ന് വ്യക്തമാക്കുമോ? | (സി) | തീരദേശ റോഡുകളുടെ നിലവാരം ഉയർത്തൽ (നോൺ പ്ലാൻ) എന്ന ശീർഷകത്തിൽ ഉൾപ്പെടുത്തി തീരദേശ റോഡുകളുടെ നിർമ്മാണവും പുനരുദ്ധാരണവും ഏറ്റെടുത്ത് നടപ്പിലാക്കി വരുന്നു.<br><br>തീരദേശ കപ്പൽ ഗതാഗതം ത്വരിതപ്പെടുത്തുന്നതിനാവശ്യമായ |

----2

നടപടികളും സ്വീകരിച്ചു
കഴിഞ്ഞു. 2020-ഓടെ റോഡ്
വഴിയുള്ള ചരക്ക് കടത്തിന്റെ 20%
തീരദേശ കപ്പൽ ഗതാഗതം വഴി
കൈകാര്യം
ചെയ്യുവാനുതകുന്നവിധത്തിൽ
പദ്ധതികൾ ആവിഷ്കരിച്ച്
നടപ്പിലാക്കി വരുന്നു.

സെക്ഷൻ ഓഫീസർ